**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 980** **12-06-2024 - ൽ മറുപടിയ്ക്ക്**

**മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുവാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. ആന്റണി ജോൺ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്ത് മനുഷ്യ-വന്യജീവി സംഘർഷം വർഷംതോറും കൂടി വരുന്ന സാഹചര്യത്തിൽ ആയത് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് നിലവിലെ നിയമം ഭേദഗതി ചെയ്യണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്രസർക്കാർ പരിഗണിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഇത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | നിലവിലെ നിയമത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സംസ്ഥാന സർക്കാർ ഈ വിഷയത്തെ ഏത് രീതിയിലാണ് കൈകാര്യം ചെയ്തു വരുന്നതെന്ന് വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് ജനവാസ മേഖലയിൽ മനുഷ്യ-വന്യമൃഗ സംഘർഷം വർദ്ധിച്ചുവരുന്ന സാഹചര്യം പരിഗണിച്ച് മനുഷ്യ-വന്യമൃഗ സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചു കൊണ്ട് സർക്കാർ പുറപ്പെടുവിച്ച GO(Ms) 04/24/DMD dated 07.03.2024 നമ്പർ ഉത്തരവിന്റെ വെളിച്ചത്തിൽ എല്ലാ സർക്കിൾ/ഡിവിഷൻ തലങ്ങളിലും Division Emergency Operation Centre (DEOC) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം മൂലമുള്ള അടിയന്തര സാഹചര്യം ലഘൂകരിക്കുന്നതിനും പ്രശ്ന പരിഹാരത്തിനും ചീഫ് വൈൽഡ്‌ലൈഫ് വാർഡനെ മനുഷ്യ-വന്യമൃഗ സംഘർഷം കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ ഓഫീസറായി നിയമിച്ചതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പാസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തിരികെ അയക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി) സേവനം വിനിയോഗിച്ചുവരുന്നുണ്ട്. പരിക്കേറ്റതുമൂലമോ ഒറ്റപ്പെട്ടതു മൂലമോ ജനവാസമേഖലകളിൽ എത്തിപ്പെട്ട കടുവ, കാട്ടാന, പുലി മുതലായ വന്യമൃഗങ്ങളെ പിടികൂടുകയും അപകട സാദ്ധ്യത ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. 01-01-2023 മുതൽ 04- |

06-2024 വരെ 64 വന്യമൃഗങ്ങളെ പിടികൂടുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനാതിർത്തി കടന്നെത്തി സംഘർഷമുണ്ടാക്കുന്ന വന്യമൃഗങ്ങളെ നിരീക്ഷിക്കുന്നതിനും പരസ്പരം സഹകരിച്ചും വിവരങ്ങൾ കൈമാറിയും മനുഷ്യ-വന്യമൃഗ സംഘർഷ സാഹചര്യങ്ങൾ ഫലപ്രദമായി ഒഴിവാക്കുന്നതിനുമായി കേരളം, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങൾ ചേർന്നു അന്തർസംസ്ഥാന കോർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ പ്രഥമയോഗം 13-02-2024 നു വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിൽ കൂടിച്ചേരുകയുണ്ടായി. തുടർന്ന് 10.03.2024-ന് അന്തർ സംസ്ഥാന കോർഡിനേഷൻ കമ്മിറ്റി അംഗങ്ങളുടെ ഫീൽഡ് ഡയറക്ടർ തലത്തിലുള്ള ഉന്നതതലയോഗവും കേരള, കർണ്ണാടക സംസ്ഥാനങ്ങളിലെ ബഹു. വനം വകുപ്പ മന്ത്രിമാരും കേരള, കർണ്ണാടക, തമിഴ്നാട് സംസ്ഥാനങ്ങളിലെ ഉന്നതോദ്യോഗസ്ഥരും ഉൾപ്പെട്ട ഉന്നതതലയോഗവും ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും തുടർനടപടികൾക്കുള്ള തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. 23-03-2024ന് ഭാരത സർക്കാർ, NTCA, വൈൽഡ്-ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യ എന്നിവയുടെ പങ്കാളിത്തത്തോടെ കേരള, തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളിലെ ടൈഗർ കൺസർവേഷൻ മീറ്റിംഗ് നടത്തി. HAWK മോഡ്യൂൾ മുഖേന വന്യജീവി മരണങ്ങൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിന് ഡാഷ്ബോർഡ് തയ്യാറാക്കി ഡാറ്റ എൻട്രി പുരോഗമിക്കുന്നു. പാമ്പുകളുടെ സംരക്ഷണത്തിനും വിഷപ്പാമ്പുകൾ മൂലമുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനുമായി സർക്കാർ ആരംഭിച്ച SARPA മൊബൈൽ ആപ്പിൽ മറ്റു വന്യജീവികൾ മൂലമുള്ള സംഘർഷങ്ങൾ കൂടി റിപ്പോർട്ടു ചെയ്യുകയും പരിഹരിക്കുകയും ചെയ്യാവുന്ന തരത്തിലുള്ള പരിഷ്കാരങ്ങൾ പുരോഗമിച്ചു വരുന്നു.
മനുഷ്യ-വന്യമൃഗ സംഘർഷം കുറയ്ക്കുന്നതിനായി ദീർഘകാല-ഹ്രസ്വകാല കർമ്മ പദ്ധതികൾ തയ്യാറാക്കുകയും അതിലെ ഓരോ ഇനങ്ങളും നടപ്പിലാക്കുന്നതിനായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ആയതിന്റെ പൂർത്തീകരണത്തിനായി സമയപരിധി നിശ്ചയിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ദീർഘകാല ഹ്രസ്വകാല കർമ്മപദ്ധതികൾ WP(C) നം. 13204/2021 കേസിനോട് അനുബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ളതും 06-03-2024 ലെ ഉത്തരവിൽ ബഹു. കേരള ഹൈക്കോടതി ആയത് അംഗീകരിച്ചു ഉൾക്കൊള്ളിച്ചിട്ടുള്ളതുമാണ്. ഓരോ ഇനത്തിന്റേയും പുരോഗതി

നിരീക്ഷിച്ചു വരുന്നുണ്ട്. മനുഷ്യ-വന്യമൃഗ സംഘർഷം നേരിടുന്നതിന് പ്രഗത്ഭരായ വെറ്ററിനറി ഡോക്ടർമാരുടെ അപര്യാപ്തത നേരിടുന്ന സാഹചര്യത്തിൽ വനം വകുപ്പിൽ സുസംഘടിതമായ ഫോറസ്റ്റ് വെറ്ററിനറി വിഭാഗം പ്രവർത്തനമാരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ പരിശോധനയിലാണ്. വനമേഖലകളിലെ കുളങ്ങൾ, ചെക്കുഡാമുകൾ (1434 എണ്ണം), വയലുകൾ (574 എണ്ണം), തുടങ്ങിയ ജലസ്രോതസ്സുകളിൽ 308 എണ്ണത്തിൽ, അധികമായി അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്ത് വന്യമൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. മറ്റുള്ള ജലസ്രോതസ്സുകൾ നന്നാക്കുവാൻ CSR പദ്ധതി വഴി പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. വനപ്രദേശങ്ങളോടു ചേർന്നു കിടക്കുന്ന സ്വകാര്യ എസ്റ്റേറ്റുകൾ, തോട്ടങ്ങൾ എന്നിവയുടെ ഉടമസ്ഥർക്ക് കൃഷിയിടങ്ങളിലെ കുറ്റിക്കാടുകൾ നീക്കം ചെയ്യുന്നതിന് ജില്ലാ കളക്ടർമാർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ കാടു നീക്കം ചെയ്യുന്നതിലുള്ള പുരോഗതി ഉദ്യോഗസ്ഥർ നിരീക്ഷിക്കുന്നുണ്ട്. നിലവിൽ പ്രവർത്തിച്ചു വന്നിരുന്ന ദ്രുത കർമ്മസേനകൾക്കു പുറമേ 31-05-2024 ലെ സർക്കാർ ഉത്തരവ് (കൈ) നം. 23/2024/വനം പ്രകാരം ഒൻപത് ഫോറസ്റ്റ് ഡിവിഷനുകളിൽ 9 ദ്രുതകർമ്മ സേനകൾ (RRT) കൂടി രൂപീകരിക്കുന്നതിന് ഉത്തരവാകുകയും ടി RRT കൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ സ്ഥിരവും താൽക്കാലികവുമായി 28 RRT കൾ പ്രവർത്തിച്ചു വരുന്നു.

മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വനം വകുപ്പ് ഉദ്യോഗസ്ഥർ, വോളന്റിയർമാർ എന്നിവർക്ക് പരിശീലനം നൽകുന്നതിനായുള്ള മോഡ്യൂൾ തയ്യാറാക്കുന്നതിനായി ഇക്കാര്യത്തിൽ പ്രാവീണ്യമുള്ള തെരഞ്ഞെടുക്കപ്പെട്ട DCF, ACF, RFO, Deputy Director, Wildlife Warden എന്നിവരെ ഉൾപ്പെടുത്തി 16-04-2024 മുതൽ 19-04-2024 വരെ തിരുവനന്തപുരം പി.ടി.പി. നഗറിൽ വച്ച് വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയും പരിശീലന പദ്ധതിക്ക് ചർച്ച ചെയ്ത് അന്തിമരൂപം നൽകുകയും ചെയ്തു. ഇതിന്റെ തുടർച്ചയായി മെയ് മാസം 6, 7 തീയതികളിൽ നോട്ടുകൾ, പവർപോയിന്റ് പ്രസന്റേഷനുകൾ എന്നിവ തയ്യാറാക്കുന്നതിനായി വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുകയും, 28-05-2024 മുതൽ 30-05-2024 വരെ വിവിധ സർക്കിളുകളിൽ നിന്നും തെരഞ്ഞെടുത്ത മാസ്റ്റർ ട്രെയിനർമാർക്കുള്ള ഓറിയന്റേഷൻ പരിപാടി വയനാട് വച്ചു സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | വന്യമൃഗങ്ങളുടെ സാമീപ്യത്തെ കുറിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പുകൾ നൽകുന്നതിനും പ്രതിരോധ പ്രവർ-ത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സർക്കിൾ, ഡിവിഷൻ, പഞ്ചായത്ത് തലങ്ങളിൽ വാട്ട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. നാനൂറിലധികം വാട്ട്സാപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചതു മുഖേന ഇരുപതിനായിരത്തി-ലധികം അംഗങ്ങൾക്ക് മുന്നറിയിപ്പുകൾ നൽകിവ-രുന്നുണ്ട്. കൂടാതെ SMS അലെർട്ട് സിസ്റ്റവും വിവിധ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്ത് അടിസ്ഥാനത്തിൽ നിലവിലുള്ള ജനജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുകയും പ്രവർത്തന സജ്ജ-മാക്കുകയും ചെയ്തിട്ടുണ്ട്. വനത്തിനുള്ളിൽ താമസിക്കുന്ന ആദിവാസികളല്ലാത്ത ആളുകളെ അവരുടെ സ്വയം സമ്മത പ്രകാരം വനത്തിന് പുറത്തേക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള നവകിരണം പദ്ധതി ആർ.കെ.ഡി.പി/കിഫ്ബി സഹായത്തോടെ നടത്തിവരുന്നു. ടി പദ്ധതി പ്രകാരം ടിയാളുകളുടെ സ്വകാര്യ സ്ഥലം യൂണിറ്റ് അടിസ്ഥാനത്തിൽ വില നിർണ്ണയിച്ച് സർക്കാരിലേക്ക് ഏറ്റെടുക്കുന്നതുമൂലം മനുഷ്യ-വന്യമൃഗ സംഘർഷമുള്ള സ്ഥലങ്ങളിൽ നിന്നും ടി ആളുകൾക്ക് സ്വയം ഒഴിഞ്ഞുപോകുന്നതിനും മെച്ചപ്പെട്ട ജീവിത സാഹചര്യം ഉണ്ടാകുന്നതിനും വഴിയൊരുക്കുന്നു.<br><br>ജനവാസമേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ ഇല്ലായ്മ ചെയ്യുന്നതിന് നിലവിൽ ചീഫ് വൈൽഡ്ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം ഓണററി വൈൽഡ്ലൈഫ് വാർഡന്/ തദ്ദേശ-സ്വയം ഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർക്കും സെക്രട്ടറിമാർക്കും ഡെലിഗേറ്റ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് (സാധാ) 239/2022/വനം തീയതി 31.05.2022 നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിന്റെ കാലാവധി 28.05.2024 മുതൽ ഒരു വർഷത്തേക്കും കൂടി ദീർഘിപ്പിച്ച് കൊണ്ട് സർക്കാർ ഉത്തരവ് (കൈ) 09/2024/വനം തീയതി 25.02.2024 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ 21.05.2024-ലെ KFDHQ/3331/2021-CWW/WL11 നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത കാലാവധി ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി സമഗ്രമായ ഒരു പദ്ധതി | (സി) | മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി അഞ്ച് വർഷ |

| | | | |
|---|---|---|---|
| | തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിന് സമർപ്പിച്ചിരുന്നോ; എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശം നൽകുമോ? | | കാലയളവിലേക്ക് 620 കോടിയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രതിരോധ സംവിധാനങ്ങളുടെ നിർമ്മാണം/ അറ്റകുറ്റപ്പണികൾ, അടിസ്ഥാന സൗകര്യ വികസനം, നഷ്ടപരിഹാര വിതരണം, ആവാസ വ്യവസ്ഥയുടെ പരിപോഷണം, പൊതുജനങ്ങൾക്കുള്ള ബോധവത്കരണം, ശാസ്ത്രീയ പഠനം തുടങ്ങിയ ഇനങ്ങളാണ് ടി പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിരുന്നത്. ആയത് സംബന്ധിച്ച് ബഹു. കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന വകുപ്പ് മന്ത്രിയുടെ 12.01.2023-ലെ D.O.No.NA.13/16/2020-NA(Pt) നമ്പർ കത്ത് പ്രകാരം ഇക്കാര്യത്തിൽ മറുപടി ലഭിച്ചിരുന്നു. സംസ്ഥാന സർക്കാരിന്റെ വിവിധ സ്കീമുകളിലൂടെയും വിഭവ സമാഹരണത്തിലൂടെയും ശാസ്ത്രീയവും നൂതനവുമായ സമീപനങ്ങളിലൂടെയും മനുഷ്യ-വന്യമൃഗ സംഘർഷത്തിന് സുസ്ഥിരമായ പരിഹാരം കണ്ടെത്താനാണ് മേൽ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ